## ഭക്തിയോഗോ ബഹുവിധോ മാർഗ്ഗൈർഭാമിനി ഭാവ്യതേ
## സ്വഭാവഗുണമാർഗ്ഗേണ പുംസാം ഭാവോ വിഭിദ്യതേ. (3-29-7)

കപിലദേവൻ തുടർന്നു:
ഭക്തിയോഗം പലതരത്തിലുള്ളതും സാധകൻെറ സ്വഭാവമനുസരിച്ച് ആചാരങ്ങളിൽ ഭിന്നങ്ങളുമാണ്. ഓരോരുത്തർക്കും യോജിച്ചരീതിയിൽ ഭക്തിയോഗമാകാം. എങ്കിലും പൊതുവെ പറഞ്ഞാൽ ഹൃദയത്തിൽ അക്രമവാസനയും അസൂയയും കപടതയും നിറഞ്ഞ ഭക്തൻ താമസഭക്തനത്രേ. സ്വന്തം ഇഷ്ടലാഭത്തിനുവേണ്ടി പ്രാർത്ഥിച്ച് ലൗകീകകാര്യങ്ങൾ നേടുന്നവൻ രാജസികഭക്തനും, സ്വന്തം പാപങ്ങൾ അകലാനാഗ്രഹിക്കുകയും തൻെറ എല്ലാ കർമ്മങ്ങളും എന്നിലർപ്പിർച്ച് ഭക്തി തൻെറ ജീവിതധർമ്മമെന്ന് കരുതുകയും ചെയ്യുന്നവൻ സാത്വികഭക്തനുമത്രെ. ഈ മൂന്നുകൂട്ടരും എന്നിൽനിന്നു വ്യത്യസ്ഥരായി സ്വയം കാണുന്നു. ശരിയായ ഭക്തിയോഗമാവട്ടെ അനുസ്യൂതമായി ഭക്തഹൃദയം എന്നോടുചേർന്നു നിലകൊള്ളുന്ന അവസ്ഥയത്രെ.

ശരിയായ ഭക്തൻ ലൗകീകസുഖങ്ങളിൽ തൃപ്തനല്ല. അവന് സാലോക്യമോ (എൻെറ കൂടെയുള്ള വാസം), സാരഷ്ടിയോ (എൻേറതുപോലുള്ള സിദ്ധികൾ), സാമീപ്യമോ (എൻെറസാന്നിദ്ധ്യം), സാരൂപ്യമോ (എൻെറ രൂപഭാവങ്ങളോ) സായൂജ്യം പോലുമോ ആഗ്രഹമായിട്ടില്ല. അവൻ തൻെറ ധർമ്മങ്ങളെ സ്വാർത്ഥതയുടെ കണികപോലുമില്ലാതെ ചെയ്യുന്നു. എൻെറ മഹിമകൾ വാഴ്ത്തി പൂജിക്കുകയും പുണ്യപുരുഷന്മാരെ വന്ദിച്ചാദരിക്കയും ചെയ്യുന്നു. ഹൃദയത്തിൽ കരുണയും ദയാവായ്പ്പും അവനിൽ നിറഞ്ഞിരിക്കുന്നു. എല്ലാവർക്കും സുഹൃത്താണവൻ. യമനിയമാദി ഗുണഗണങ്ങളുടെ ഇരിപ്പിടമായ അവൻ എൻെറ കഥകളും മഹിമകളും വർണ്ണിക്കാനിഷ്ടപ്പെടുന്നു. സജ്ജനങ്ങളെയും ഭക്തരെയും കൂട്ടി സ്വാർത്ഥരഹിതനായി സത്സംഗത്തിലേർപ്പെടുന്നു. ഇങ്ങിനെയുള്ള ഭക്തൻ എൻെറ നാമശ്രവണമാത്രേന തീവ്രമായ ഭക്തിപ്രേമത്താൽ പുളകിതഗാത്രനുമാകുന്നു.

വിഗ്രഹാരാധന നടത്തുമെങ്കിലും എൻെറ ഏറ്റവും ചെറിയ പ്രാണികളെയെങ്കിലും വെറുക്കുന്ന ഭക്തൻ കപടഭക്തനത്രെ. അവന് യാതൊരു പ്രയോജനവും ലഭിക്കുന്നില്ല. ഞാൻ എല്ലാറ്റിലും എപ്പോഴും നിറഞ്ഞിരിക്കുന്നു. ഹൃദയത്തിൽ എന്നെ സാക്ഷാത്ക്കരിക്കുകയും അതേ സമയം സകലജീവികളിലും എൻെറ സാന്നിദ്ധ്യം ദർശിക്കുകയും ചെയ്യുന്നതുവരെ മാത്രമെ ഒരുവൻ വിഗ്രഹാരാധന നടത്തേണ്ടതുള്ളൂ. കാപട്യവും പൊങ്ങച്ചവും കാട്ടുന്ന ഭക്തൻ എന്നേയും ജീവജാലങ്ങളേയും വെറുക്കുന്നു. എന്നിൽനിന്ന് വ്യത്യസ്ഥനാണെന്ന് കരുതുകയോ ഏതെങ്കിലും ജീവിയോട് വെറുപ്പു പുലർത്തുകയോ ചെയ്യുന്നവന് മന:ശാന്തി അസാദ്ധ്യമത്രെ. അതുകൊണ്ട് എൻെറ ഭക്തന്മാർ സർവ്വ ചരാചരങ്ങളേയും സ്നേഹിക്കുകയും എല്ലാവരിലും കരുണയുള്ളവരാവുകയും, ദാനധർമ്മങ്ങളിൽ മുഴുകുകയും വേണം. എൻെറ സാന്നിദ്ധ്യമാണ് സർവ്വചരാചരങ്ങളേയും നിയന്ത്രിക്കുന്നതെന്നറിഞ്ഞ് എല്ലാറ്റിനേയും തികഞ്ഞ ബഹുമാനത്തോടെ തൊഴുതു വണങ്ങി കഴിയണം.

ഞാൻ ധ്യാനയോഗത്തെപ്പറ്റിയും ഭക്തിയോഗത്തെപ്പറ്റിയും വിശദീകരിച്ചു കഴിഞ്ഞു. ഈ മാർഗ്ഗങ്ങളിലേതിലൂടെയും ഒരുവന് ഭഗവൽ സന്നിധി പൂകാം. പ്രകൃതിയായും, പുരുഷനായും അവയുടെ അപ്പുറത്തുള്ള സത്യമായും വിശ്വത്തിൻെറയും, കാലത്തിൻെറയും ഊർജ്ജമായും വർത്തിക്കുന്ന പരമാത്മാവിൻെറ നിയന്ത്രണത്തിലത്രേ അണ്ഡകഠാഹങ്ങൾ തങ്ങളുടെ ധർമ്മങ്ങൾ മുറതെറ്റാതെ അനുവർത്തിക്കുന്നത്.